**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6887** **21-03-2023 - ൽ മറുപടിയ്ക്ക്**

**നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് വില്ലേജിൽ സ്ഥിതി ചെയ്യുന്ന നെറുംകൈതകോട്ട പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിശദാംശങ്ങളിലും വകുപ്പിലെ ഫീൽഡ് അസിസ്റ്റന്റിന്റെ റിപ്പോർട്ടുകളിലും വിസ്തീർണ്ണം, സർവ്വെ നമ്പർ എന്നിവയിൽ വ്യത്യാസം കണ്ടതിനെ തുടർന്ന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരും, പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തുകയുണ്ടായി. എന്നാൽ വില്ലേജ് ഓഫീസർ ഇപ്രകാരം പുതുക്കി നല്കിയ റവന്യൂ വിശദാംശങ്ങൾക്കൊപ്പം അതിർത്തി വസ്തുക്കളുടെ കൈവശക്കാരുടെ പേരുവിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനെ തുടർന്ന് ആയതും കൂടി ഉൾപ്പെടുത്തി വില്ലേജ് ഓഫീസർ വീണ്ടും റവന്യൂ വിശദാംശങ്ങൾ സമർപ്പിച്ചു. ഇതിൽ ക്ഷേത്രവും, ക്ഷേത്രത്തോട് ചേർന്നുള്ള കുളവും രണ്ടായി കാണിക്കുകയും ആയതിന്റെ അതിർത്തിയും വിസ്തീർണ്ണവും പ്രത്യകം പ്രത്യേകമായി കാണിക്കുകയും ചെയ്തിരുന്നു. യോജിച്ചുകിടക്കുന്ന പ്രദേശം രണ്ടായി കാണിച്ചിരിക്കുന്നത് തിരുത്തി സർവ്വെ നം.287, 311/1 എന്നിവയിലുള്ള വസ്തുക്കൾ ഒരുമിച്ച് ചേർത്ത് അവയുടെ റവന്യൂ വിശദാംശങ്ങളും അതിർത്തി വസ്തുക്കളുടെ വിശദാംശങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തി നൽകുന്നതിന് 02.03.2023-ൽ തിരൂരങ്ങാടി തഹസീൽദാർ, വള്ളിക്കുന്ന് വില്ലേജ് ഓഫീസർ എന്നിവർക്ക് പുരാവസ്തു വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |
| (ബി) | പ്രസ്തുത ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പ് നൽകിയ രേഖകളിൽ അവ്യക്തതയുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ | (ബി) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് വില്ലേജിൽ സ്ഥിതി ചെയ്യുന്ന നെറുംകൈതകോട്ട പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിശദാംശങ്ങളിലും |

| | | | |
|---|---|---|---|
| | വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പിന് രേഖാമൂലമുള്ള അറിയിപ്പ് നല്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | | വകുപ്പിലെ ഫീൽഡ് അസിസ്റ്റന്റിന്റെ റിപ്പോർട്ടുകളിലും വിസ്തീർണ്ണം, സർവ്വെ നമ്പർ എന്നിവയിൽ വ്യത്യാസം കണ്ടതിനെ തുടർന്ന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരും, പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തുകയുണ്ടായി. എന്നാൽ വില്ലേജ് ഓഫീസർ ഇപ്രകാരം പുതുക്കി നല്കിയ റവന്യൂ വിശദാംശങ്ങൾക്കൊപ്പം അതിർത്തി വസ്തുക്കളുടെ കൈവശക്കാരുടെ പേരുവിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനെ തുടർന്ന് ആയതും കൂടി ഉൾപ്പെടുത്തി വില്ലേജ് ഓഫീസർ വീണ്ടും റവന്യൂ വിശദാംശങ്ങൾ സമർപ്പിച്ചു. ഇതിൽ ക്ഷേത്രവും, ക്ഷേത്രത്തോട് ചേർന്നുള്ള കുളവും രണ്ടായി കാണിക്കുകയും ആയതിന്റെ അതിർത്തിയും വിസ്തീർണ്ണവും പ്രത്യകം പ്രത്യേകമായി കാണിക്കുകയും ചെയ്തിരുന്നു. യോജിച്ചുകിടക്കുന്ന പ്രദേശം രണ്ടായി കാണിച്ചിരിക്കുന്നത് തിരുത്തി സർവ്വെ നം.287, 311/1 എന്നിവയിലുള്ള വസ്തുക്കൾ ഒരുമിച്ച് ചേർത്ത് അവയുടെ റവന്യൂ വിശദാംശങ്ങളും അതിർത്തി വസ്തുക്കളുടെ വിശദാംശങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തി നൽകുന്നതിന് 02.03.2023-ൽ തിരൂരങ്ങാടി തഹസീൽദാർ, വള്ളിക്കുന്ന് വില്ലേജ് ഓഫീസർ എന്നിവർക്ക് പുരാവസ്തു വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |

സെക്ഷൻ ഓഫീസർ

അനുബന്ധം



File No. ARCD/... CLAD-B4/37/2023-CLAD ... 1006 I

7069739/2023/OS-CLAD

**അടിയന്തിരം**

"ഭരണഭാഷ മാതൃഭാഷ"

പുരാവസ്തു വകുപ്പുദ്ധ്യക്ഷ കാര്യാലയം
സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം – 23
ഫോൺ/ഫാക്സ്:0471-2577465
ഇ-മെയിൽ: director.arch@kerala.gov.in
വെബ് സൈറ്റ്: archaeology.kerala.gov.in
തീയതി: 02-03-2023

തഹസിൽദാർ
തിരൂരങ്ങാടി താലൂക്ക്
മലപ്പുറം

സർ,

വിഷയം : പുരാവസ്തു വകുപ്പ് – മലപ്പുറം ജില്ല - നെറുങ്കൈതക്കോട്ട - റവന്യൂ വിശദവിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന : 06-01-2023 ലെ 3/2023 നമ്പരായ വള്ളിക്കുന്ന് വില്ലേജാഫീസറുടെ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് വില്ലേജിൽ സ്ഥിതി ചെയ്യുന്ന നെറുങ്കൈതക്കോട്ട പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുന്നതിലേക്കായി സൂചന പ്രകാരം ലഭ്യമാക്കിയിരിക്കുന്ന റവന്യൂ വിശദാംശങ്ങളിൽ നെറുങ്കൈതക്കോട്ട, നെറുങ്കൈതക്കോട്ട കുളം എന്നിവയുടെ പ്രത്യേക അതിർത്തി വിവരങ്ങളാണ് നൽകിയിട്ടുള്ളത്. സ്കെച്ചിൽ കാണുന്നത് അവ വ്യത്യസ്ഥ സർവ്വേ നമ്പറുകളിലാണെങ്കിലും വസ്തു ചേർന്നുള്ളവയാണെന്നാണ്. അപ്രകാരമാണെങ്കിൽ അവയുടെ ഒന്നിച്ചുള്ള റവന്യൂ വിശദവിവരമാണ് നോട്ടിഫിക്കേഷനിൽ നൽകേണ്ടത്. ആയതിനാൽ 287, 311/1 സർവ്വേ നമ്പരുകളിലായിട്ടുള്ള പ്രസ്തുത വസ്തുക്കളുടെ ഒരുമിച്ച് ചേർന്നുള്ള അതിർത്തി വസ്തുക്കളുടെ റവന്യൂ വിശദവിവരം ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ രേഖപ്പെടുത്തി അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>പകർപ്പ്</u>

വില്ലേജാഫീസർ
വള്ളിക്കുന്ന് വില്ലേജ്
മലപ്പുറം ജില്ല

വിശ്വസ്തതയോടെ,
ഒപ്പ്
ഡയറക്ടർ
അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്

Signed by
Beena U K
Date: 03-03-2023 11:12:01

സെക്ഷൻ ഓഫീസർ